പഞ്ചസാരയുടെ വില വർദ്ധനവ്

820. ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന പഞ്ചസാരയുടെ വില നിയന്ത്രിക്കാൻ ഗവൺമെന്ന് എന്ത് നടപടികളാണ് സ്വീകരിച്ചു ;

(ബി) റേഷൻകാർഡ് ഉടമയ്ക്ക് മാസത്തിൽ 3 കിലോഗ്രാം പഞ്ചസാര നിയന്ത്രിത വിലയ്ക്ക് റേഷൻകടകളിലൂടെ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആളൊന്നുക്ക് പ്രതിമാസം 450 ഗ്രാം , നിരക്കിൽ റേഷൻ പഞ്ചസാര കിലോഗ്രാമിന് 4 രൂപ 80 പൈസ വിലയ്ക്ക് നൽകുന്നുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ, സഹകരണ മാവേലി സ്റ്റോറുകൾ എന്നിവ വഴി കിലോഗ്രാമിന് 5 രൂപ 70 പൈസ നിരക്കിൽ പഞ്ചസാര വിതരണം ചെയ്തു വരുന്നുണ്ട്.

(ബി) ഇപ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം ആളൊന്നിന് 450 ഗ്രാം നിരക്കിലുള്ള വിതരണത്തിന് മാത്രമേ മതിയാവുകയുള്ളൂ.

ആദിവാസികൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യൽ

821. ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യണമെന്നും അതിലുണ്ടാകുന്ന നഷ്ടം കേന്ദ്രസർക്കാർ സബ്സിഡി തരുമെന്നും കേന്ദ്രം സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അങ്ങനെ അറിയിച്ചതനുസരിച്ച് സംസ്ഥാനത്ത് 15-3-1986 വരെ എത്ര അരിയും മറ്റു ധാന്യങ്ങളും എവിടെയെല്ലാം നൽകി. :

(ബി) ഇതുമൂലം സംസ്ഥാനത്തിന് വന്ന നഷ്ടവും കിട്ടിയ സബ്സിഡിയും എത്ര ;

(സി) ആദിവാസികൾക്ക് ആർക്കും വേണ്ടാത്ത ഇരുമ്പ് അരിയും പരുക്കൻ അരിയുമാണ് വിതരണം ചെയ്യുന്നതെന്നുള്ള പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ പരാതിയെപ്പറ്റി അന്വേഷിച്ച് തെറ്റ് ചെയ്ത ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ എടുക്കാതിരിക്കാൻ കാരണമെന്താണ് ;

(ഇ) മേലിൽ ഇവർക്ക് നല്ല അരിയും ഭക്ഷ്യധാന്യങ്ങളും മാത്രം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആദിവാസികൾക്ക് കുറഞ്ഞ നിരക്കിൽ തന്നെയാണ് കേന്ദ്രം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത്. അതുകൊണ്ട് സംസ്ഥാനത്തിന് കേന്ദ്രം സബ്സിഡി അനുവദിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. ഈ പദ്ധതി അനുസരിച്ച് 15-3-1986 വരെ 8083.8 മെട്രിക് ടൺ അരിയും, 959.5 മെട്രിക് ടൺ ഗോതമ്പും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി ആൻറ് ഡി) പൊതുവിതരണ സമ്പ്രദായം അനുസരിച്ച് വിതരണം ചെയ്യുന്ന അരി തന്നെയാണ് ആദിവാസികൾക്കും വിതരണം ചെയ്യുന്നത്. ഇതനുസരിച്ച് ചില സ്ഥലങ്ങളിൽ വിതരണം ചെയ്ത അരി പാചകത്തിന് കൂടുതൽ സമയം എടുക്കുന്നതാണെന്ന് പരാതി ലഭിച്ചിട്ടുണ്ട്. അത്തരം അരി വിതരണം ചെയ്യാതെന്ന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ ഇക്കാര്യത്തിൽ തെറ്റൊന്നും ചെയ്തിട്ടില്ല.

(ഇ) പൊതുവിതരണ സമ്പ്രദായം അനുസരിച്ച് വിതരണം ചെയ്യുന്ന അരിയും ഗോതമ്പും തന്നെയാണ് ആദിവാസികൾക്കും വിതരണം ചെയ്യുന്നത്. അതുകൊണ്ട് പ്രത്യേക പരിഗണന ആവശ്യമില്ല.

Construction of Godowns for Food Corporation of India

822. **Dr. A. Subba Rao :** Will the Minister for Food & Civil Supplies be pleased to State :

(a) whether the proposal for Construction of Godowns for F.C.I. has been given up

(b) if not, which are the places selected for the purpose and capacity of each.

(c) what is the present stage of the construction of a Godown at Manjeswar.

(d) when is it expected to be taken up and completed and what is its capacity?

Answer

(a, b, c, d.) Details are being collected from F. C. I. Headquarters, New Delhi.

പോപ്പിന്റെ കേരള സന്ദർശനം സംബന്ധിച്ച് തുറന്ന ഭക്ഷണ സ്റ്റാളുകൾ

823. ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോപ്പിന്റെ വരവ് പ്രമാണിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഭക്ഷണ സ്റ്റാളുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തുറക്കുകയുണ്ടായോ ;

(ബി) എങ്കിൽ അതുമൂലം ആകെ എന്തു ചെലവായി :

(സി) എത്ര വിറ്റു വരവ് ഉണ്ടായി ;

(ഡി) എത്ര സംഖ്യ നഷ്ടം വന്നു ?

ഉത്തരം

(എ) തൃശ്ശൂർ, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ഭക്ഷണ സ്റ്റാളുകൾ തുറന്നിരുന്നു.

(ബി, സി, ഡി) വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly